# കായിക യുവജനകാര്യ വകുപ്പിന്റെ പബ്ലിസിറ്റി ശീർഷകത്തിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ

| | | |
|---|---|---|
| 1 | അപേക്ഷിക്കുന്ന സ്ഥാപനത്തിന്റെ പേരും മേൽവിലാസവും<br><br>ജില്ല.<br>പിൻകോഡ്<br>ഫോൺ നമ്പർ<br>നിയോജക മണ്ഡലം | |
| 2 | 1). സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, തീയതി. (സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കണം<br><br>2). ക്ലബ്ബുകൾ/സന്നദ്ധ സംഘടനകൾ തലേ വർഷം വരെ പുതുക്കിയ രജിസ്ട്രേഷൻ ചെയ്ത രേഖയുടെ പകർപ്പ് ഹാജരാക്കണം | |
| 3 | പ്രവർത്തന മേഖല | നഗരം/ ഗ്രാമം |
| 4 | ആവശ്യപ്പെടുന്ന തുക | അക്കത്തിൽ<br><br>അക്ഷരത്തിൽ |
| 5 | തുക വിനിയോഗിക്കുന്ന ആവശ്യം (വിശദമായ എസ്റ്റിമേറ്റ്) | |
| 6 | അപേക്ഷ സമർപ്പിക്കുന്ന സ്കൂൾ ഏത് വിഭാഗത്തിൽപ്പെടുന്നു. | സർക്കാർ / എയ്ഡഡ് / അൺ എയ്ഡഡ്. |
| 7 | അപേക്ഷ കായിക താരങ്ങൾക്ക് ധന സഹായത്തിനാണെങ്കിൽ ശുപാർശ ചെയ്യുന്ന ബന്ധപ്പെട്ട കായിക അസോസിയേഷൻ/സ്കൂൾ മേധാവിയുടെ വിശദാംശം (ശുപാർശ കത്ത് ഹാജരാക്കണം) | |
| 8 | സ്ഥാപനം/കായികതാരം കായിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ (രേഖകളുടെ പകർപ്പ് ഹാജരാക്കണം) | |
| 9 | 1). സ്ഥാപനം ഏതെങ്കിലും കായിക ടൂർണ്ണമെന്റ്/കായിക മേള ഏറ്റെടുത്ത് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം.<br><br>2). സംഘടനകൾ/ക്ലബ്ബുകൾ തൻ വർഷത്തിൽ കായികവുമായി ബന്ധപ്പെട്ട് നടത്തിയ പരിപാടികളുടെ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. | |
| 10 | അപേക്ഷ കായിക വികസനത്തിനാണെങ്കിൽ സ്കൂളിലെ ആകെ വിദ്യാർത്ഥികളുടെ എണ്ണം | |
| 11 | ഈ സാമ്പത്തിക വർഷം സ്ഥാപനത്തിന് ധനസഹായം ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദാംശം. | |

| 12 | മുൻ വർഷങ്ങളിൽ സ്ഥാപനത്തിന് ലഭ്യമായ ധനസഹായത്തിന്റെ വിവരം | | | | | |
|---|---|---|---|---|---|---|
| നം | വർഷം | തുക അനുവദിച്ച ആഫീസ് | അനുവദിച്ച തുക | എന്താവശ്യത്തിന് വിനിയോഗിച്ചു | വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയോ | ശുപാർശ ചെയ്ത ജനപ്രതിനിധി/ വകുപ്പ് മേധാവി. |
| | | | | | | |

(വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്)

| | | |
|---|---|---|
| 13 | സ്ഥാപനത്തിനുവേണ്ടി തുക സ്വീകരിക്കുന്ന ഉത്തരവാദിത്തപ്പെട്ട ഭാരവാഹി/മേധാവിയുടെ പേരും മേൽവിലാസം, ഫോൺ നമ്പർ | |
| 14 | സ്ഥാപനത്തിന് അക്കൗണ്ട് ഉള്ള ബാങ്കിന്റെ പേരും മേൽവിലാസവും (ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്) | |
| | അക്കൗണ്ട് നമ്പർ | |
| | ഐ.എഫ്.എസ്.സി. കോഡ് | |
| 15 | സ്ഥാപനത്തിന് സ്വന്തമായി ഭൂമിയോ കെട്ടിടമോ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം | |

<u>സത്യപ്രസ്താവന</u>

കായിക യുവജനകാര്യ വകുപ്പിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് സമർപ്പിക്കുന്ന ഈ അപേക്ഷയിൽ കാണിച്ചിരിക്കുന്ന വിവരങ്ങൾ യഥാർത്ഥവും സത്യസന്ധവുമാണെന്നും ഇതേ ആവശ്യത്തിന് സ്പോർട്സ് കൗൺസിൽ/സർക്കാരിന്റെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും തുക ലഭിച്ചിട്ടില്ലെന്നും ഇതിനാൽ പ്രസ്താവിക്കുന്നു. സർക്കാരിന്റെ നിബന്ധനകൾ മറച്ചുവച്ച് ധനസഹായം സ്വീകരിച്ചുവെന്ന് തെളിയുകയാണെങ്കിൽ തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതാണെന്ന് ഉറപ്പുനൽകുന്നു.

സ്ഥലം: ഒപ്പ്:

തീയതി: പേര്:

**ആഫീസ് ആവശ്യത്തിന്**

| | | |
|---|---|---|
| 1 | അപേക്ഷ സ്വീകരിച്ച തീയതി | |
| 2 | അപേക്ഷയോടൊപ്പം ലഭിച്ച രേഖകൾ | |
| 3 | അപേക്ഷ ഈ ആഫീസിൽ പരിശോധിച്ച തീയതി | |
| 4 | ഡയറക്ടർ ശുപാർശ ചെയ്ത തീയതി | |
| 5 | ഉന്നതതല സമിതിയുടെ യോഗ തീയതി. | |
| 6 | ഉന്നതതല സമിതിയുടെ റിമാർക്സ്. | |
| 7 | അനുവദിച്ച തുക | |
| 8 | തുക വിതരണം ചെയ്ത തീയതി. | |
| 9 | വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയ തീയതി. | |

ഡയറക്ടർ,

കായിക യുവജനകാര്യാലയം

## ധനസഹായം അനുവദിക്കുന്ന ആവശ്യങ്ങൾ

- സംസ്ഥാനത്ത് കായിക വികസനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക്/സംഘടനകൾക്ക്/സർക്കാർ, എയിഡഡ് സ്കൂളുകൾക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും ഫിറ്റനസ്സ് ഉപകരണങ്ങൾ വാങ്ങുന്നതിനും.
- ദേശീയ നിലവാരം പുലർത്തുന്ന കായിക താരങ്ങൾക്ക് ടൂർണമെന്റുകളിൽ പങ്കെടുക്കുന്നതിനും കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കോച്ചിംഗ് ക്യാമ്പിൽ പങ്കെടുക്കുന്നതിനും.
- ടൂർണമെന്റുകൾ നടത്തുന്നതിനായി സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള കായിക അസ്സോസിയേഷനുകൾക്ക് ധനസഹായം. മറ്റു സ്രോതസ്സുകളിൽ നിന്നും സർക്കാർ ധനസഹായം ലഭ്യമായ ടൂർണമെന്റുകൾക്ക് ധനസഹായം അനുവദിക്കുന്നതല്ല.
- അംഗീകൃത കായിക അസ്സോസിയേഷനുകൾക്ക് ട്രെയിനിംഗ്, കോച്ചിംഗ് ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിന്.
- വിവിധ സർക്കാർ/എയിഡഡ് സ്കൂളുകളിൽ കായിക വികസനത്തിനായി ട്രെയിനിംഗ്, കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്നതിന്.
- സർക്കാർ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ റിക്രിയേഷൻ ക്ലബ്ബുകൾക്കും സംഘടനകൾക്കും കായിക പരിപാടികൾ സംഘടിപ്പിക്കുന്നതിന്.

## ധനസഹായത്തിനുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1. ജില്ലാതല/സംസ്ഥാനതല/ദേശീയതല മത്സരങ്ങളിൽ വിജയികളായ കായിക താരങ്ങൾക്കു മാത്രമേ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.
2. ഗ്രാമീണ മേഖലയിലെ സ്പോർട്സ് വികസനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സംഘടനകൾക്ക്/ക്ലബ്ബുകൾക്ക് മുൻഗണന നൽകുന്നതാണ്.
3. ധനസഹായത്തിനായി അപേക്ഷിക്കുന്ന സംഘടകൾ/ക്ലബ്ബുകൾ തൻവർഷത്തിൽ കായികവുമായി ബന്ധപ്പെട്ട ഒരു പ്രോഗ്രാമെങ്കിലും നടത്തിയിരിക്കണം. ബന്ധപ്പെട്ട രേഖ അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്.
4. ക്ലബ്ബുകളും സന്നദ്ധ സംഘടനകളും ധനസഹായത്തിന് അപേക്ഷിക്കുമ്പോൾ തലേവർഷം വരെ പുതുക്കിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.
5. കായിക അസ്സോസിയേഷനുകൾ ജില്ലാ സ്പോർട്സ് കൗൺസിലുകൾ, നെഹ്രു യുവ കേന്ദ്ര എന്നിവയിലേതിലെങ്കിലും അഫിലിയേറ്റ് ചെയ്ത സംഘടനകൾക്ക് മുൻഗണന നൽകുന്നതാണ്.

6. ധനസഹായത്തിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ വ്യക്തമായ എസ്റ്റിമേറ്റുകൾ രേഖപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകളിൽ കേരള സ്പോർട്സ് കൗൺസിൽ മുഖാന്തിരമോ സർക്കാരിന്റെ മറ്റു സ്ഥാപനങ്ങളിൽ നിന്നും ഇതേ ആവശ്യത്തിന് തുക അനുവദിച്ചിട്ടില്ല എന്ന് അപേക്ഷയോടൊപ്പം സത്യപ്രസ്താവന സമർപ്പിക്കേണ്ടതും ഇക്കാര്യം ഡയറക്ടർ ഉറപ്പു വരുത്തേണ്ടതുമാണ്.
7. ദേശീയ/ സംസ്ഥാന സിവിൽ സർവ്വീസ് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനായി സർക്കാർ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് സംസ്ഥാന സർക്കാർ ഓഫീസുകളിലെ റിക്രിയേഷൻ/സ്പോർട്സ് ക്ലബ്ബുകൾ അതത് വകുപ്പ് അധ്യക്ഷന്റെ ശുപാർശയോടെ സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. വ്യക്തികളോ സംഘടനകളോ നേരിട്ട് സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
8. സാമ്പത്തിക സഹായം ലഭ്യമായിക്കഴിഞ്ഞാൽ തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സർട്ടിഫിക്കറ്റ് 3 മാസത്തിനകം സമർപ്പിക്കേണ്ടതാണ്.
9. മുകളിൽ പറഞ്ഞ നിബന്ധനകൾ മറച്ചു വച്ച് ക്ലബ്ബുകൾ ധനസഹായം കൈപ്പറ്റുകയോ ധനസഹായം അതിന്റെ ആവശ്യത്തിന് ഉപയോഗിക്കാതിരിക്കുകയോ ചെയ്തതായി കാണുന്ന പക്ഷം തുക തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും. അത്തരം ക്ലബ്ബുകളെ കരിമ്പട്ടികയിൽ പെടുത്തുകയും തുടർ ധനസഹായം ഇത്തരം ക്ലബ്ബുകൾക്ക് നൽകുന്നതുമല്ല.
10. സാമ്പത്തിക സഹായത്തിന് വ്യക്തി നേരിട്ട് നൽകുന്ന അപേക്ഷ പരിഗണിക്കുന്നതല്ല. ജനപ്രതിനിധികൾ/സ്കൂൾ മേധാവികൾ/ ബന്ധപ്പെട്ട കായിക അസ്സോസിയേഷൻ/ സ്പോർട്സ് കൗൺസിൽ എന്നിവയിൽ ഒന്നിന്റെ ശുപാർശയോടുകൂടി ലഭിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.
11. ഒരു തവണ ധനസഹായം അനുവദിച്ച ക്ലബ്ബുകൾക്ക അതേ ആവശ്യത്തിന് തൊട്ടടുത്ത വർഷം ധനസഹായം നൽകുന്നതല്ല.
12. സംഘടനകൾ/വ്യക്തികൾ ധനസഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം മുമ്പ് ഏതെങ്കിലും ആവശ്യത്തിന് ധനസഹായം കായിക യുവജനകാര്യ ഡയറ്ക്ടറേറ്റിൽ നിന്നും കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്.
13. ഒരു വ്യക്തിക്ക്/ക്ലബ്ബിന്/സംഘടനയ്ക്ക് ഒരു സാമ്പത്തിക വർഷം ഒന്നിലധികം ആവശ്യങ്ങൾക്കായി ധനസഹായം അനുവദിക്കുന്നതല്ല.
14. സ്പോർട്സ് കൗൺസിൽ അംഗീകാരമില്ലാത്ത കായിക മേളകൾ, അംഗീകാരമില്ലാത്ത ആയോധനകലകളുടെ ടൂർണമെന്റുകൾ, പ്രദർശനങ്ങൾ, മറ്റു കലാരൂപങ്ങളുടെ പ്രദർശനങ്ങൾ എന്നിവയ്ക്ക് ധനസഹായം അനുവദിക്കുന്നതല്ല.

15. അപേക്ഷ സമർപ്പിക്കുന്ന എല്ലാ സർക്കാരിതര സ്ഥാപനങ്ങളും സ്പോർട്സ് കൗൺസിലിന്റെ ശുപാർശയോടുകൂടിയ അപേക്ഷകളാണ് സമർപ്പിക്കേണ്ടത്. സ്പോർട്സ് കൗൺസിലിന്റെ ശുപാർശയില്ലാത്ത സർക്കാരിതര സ്ഥാപനങ്ങളുടെ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2018 ആഗസ്റ്റ് 31.